**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 116 | 26.09.2016 ൽ മറുപടിയ്ക്ക്

**തിരൂർ മണ്ഡലത്തിലെ അക്രമ സംഭവങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. സി. മമ്മുട്ടി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) നിയമസഭാ തിരഞ്ഞെടുപ്പിന ശേഷം ഇതേവരെ തിരൂർ മണ്ഡലത്തിൽ കൊലപാതകം, വീടുകൾ നശിപ്പിക്കുക, വാഹനങ്ങൾ നശിപ്പിക്കുക, ആളുകളെ ആക്രമിക്കുക തുടങ്ങിയവയുൾപ്പെടെയുള്ള എത്ര അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനശേഷം തിരൂർ മണ്ഡലത്തിൽ 70 അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| (ബി) ഈ അക്രമ സംഭവങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ; | (ബി) 70 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഓരോ കേസിലും എത്ര പ്രതികളുണ്ട് ; പ്രതികളുടെ രാഷ്ട്രീയ പശ്ചാത്തലം വെളിപ്പെടുത്തുമോ ; | (സി) 2 കൊലപാതക കേസുകളിൽ 2 പ്രതികൾ ഉണ്ട്. ഇവർക്ക് രാഷ്ട്രീയ പശ്ചാത്തലം ഇല്ല. 24 വീടുകൾ നശിപ്പിച്ച കേസുകളിൽ 251 പ്രതികൾ ഉണ്ട്. ഇതിൽ 81 പേർ മുസ്ലീംലീഗ് പ്രവർത്തകരും 170 പേർ സി.പി.ഐ (എം) പ്രവർത്തകരുമാണ്. മേൽ കേസുകളിലെ പ്രതികളടക്കം 70 കേസുകളിലായി 801 പേർ പ്രതികളായിട്ടുണ്ട്. ഇതിൽ 469 മുസ്ലീംലീഗ് പ്രവർത്തകരും 192 പേർ സി.പി.ഐ (എം) പ്രവർത്തകരും 22 ബി.ജെ.പി പ്രവർത്തകരും രാഷ്ട്രീയ ബന്ധമില്ലാത്ത 118 പേരും പ്രതികളായിട്ടുണ്ട്. |
| (ഡി) എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (ഡി) 70 കേസുകളിലായി 100 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവരിൽ ആരെയും ശിക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ